**<u>തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം</u>**

**(ഹാജർ : Seeram Sambasiva Rao IAS)**

<u>സംഗ്രഹം</u>

വിഷയം : തദ്ദേശസ്വയംഭരണവകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്- മലപ്പുറം ജില്ല- കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് - സീനിയർ ക്ലർക്ക് ശ്രീ. ബിജു കെ.ജി. എന്നവരുടെ അനധികൃത ഹാജരില്ലായ്മ- അച്ചടക്കനടപടി - സേവനത്തിൽ നിന്നും നീക്കം ചെയ്ത് ഉത്തരവാകുന്നു.

**<u>ഉത്തരവ് നമ്പർ LSGD/PD/5692/2023-VIGD2 തീയതി: 31-08-2024</u>**

പരാമർശം:
1) മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29/05/2021 തീയതിയിലെ DDP/MPM/15/2020-D3 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 26/08/2021 തീയതിയിലെ PAN-8914-2021-D4(DP) നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക.
3) മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 03/12/2021 തീയതിയിലെ ഡിഡിപി-എംപിഎം-1816/2021/ഡി4 നമ്പർ കത്തും, അനുബന്ധവും.
4) മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13/05/2022 തീയതിയിലെ ഡിഡിപി-എംപിഎം-1816/2021-ഡി4 നമ്പർ അഭിപ്രായ റിപ്പോർട്ട്.
5) പഞ്ചായത്ത് ഡയറക്ടറുടെ 30/06/2022 തീയതിയിലെ PAN-8914-2021-D4(DP) നമ്പർ ഉത്തരവ്.
6) മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 30/09/2022 തീയതിയിലെ ഡിഡിപി-എംപിഎം-1816/2021-ഡി4 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.
7) പഞ്ചായത്ത് ഡയറക്ടറുടെ 25/10/2022ലെ PAN-8914-2021-D4(DP) നമ്പർ കത്ത്.
8) കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02/10/2022 തീയതിയിലെ എ1-4865/2021 നമ്പർ കത്ത്.
9) മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 24/10/2022 തീയതിയിലെ ഡിഡിപി-എംപിഎം-1816/2021-ഡി4 നമ്പർ കത്ത്.
10) പഞ്ചായത്ത് ഡയറക്ടറുടെ 17/12/2022 തീയതിയിലെ PAN/8914/2021-D4(DP) നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
11) മലപ്പുറം ജില്ല ഡെപ്യൂട്ടി ഡയറക്ടറുടെ 22/03/2023 തീയതിയിലെ D4-1816/2021 നമ്പർ കത്ത്.

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലർക്കായിരുന്ന ശ്രീ. ബിജു കെ.ജി. യ്ക്ക് പഞ്ചായത്ത് ഡയറക്ടറുടെ 28/03/2016 തീയതിയിലെ E5-8677/2016 നമ്പർ

ഉത്തരവ് പ്രകാരം കെ.എസ്.ആർ. ഭാഗം 1 അനുബന്ധം 12 സി പ്രകാരം 06/05/2016 മുതൽ 5 വർഷത്തേയ്ക്ക് ശൂന്യവേതന അവധി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.

മേൽ ശൂന്യവേതനാവധി 05/05/2021 തീയതിയിൽ അവസാനിക്കുകയും, 06/05/2021 തീയതിയിൽ ശ്രീ. ബിജു കെ.ജി. ജോലിയിൽ തിരികെ പ്രവേശിക്കേണ്ടതായിരുന്നുവെങ്കിലും നാളിതുവരെ ജോലിയിൽ പുനപ്രവേശിച്ചിട്ടില്ലായെന്നും അവധി 5 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് ഇ-മെയിൽ മുഖേന കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിലേയ്ക്ക് അപേക്ഷ നൽകിയതായും എന്നാൽ സർക്കാരിന്റെ 05/11/2020 തീയതിയിലെ സ.ഉ.(അ)152/2020/ധന ഉത്തരവ് പ്രകാരം ശൂന്യവേതനാവധി 5 വർഷമായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ ശ്രീ. ബിജു കെ.ജി. അവധി അപേക്ഷ നിരസിച്ച് സെക്രട്ടറി കത്ത് നൽകിയതായിട്ടുള്ളതായും പരാമർശം (1) പ്രകാരം മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ ശ്രീ. ബിജു കെ.ജി. യ്ക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിയ്ക്കും വിധം പരാമർശം (2) പ്രകാരം ചുവടെ പറയും പ്രകാരം കുറ്റാരോപണ മെമ്മോ പുറപ്പെടുവിച്ച് അച്ചടക്കനടപടി ആരംഭിച്ചിരുന്നു.

1. ഈ ആഫീസിലെ 28/03/2016 തീയതിയിലെ E5-8677/16 നമ്പർ ഉത്തരവ് പ്രകാരം 06/05/2016 മുതൽ 5 വർഷത്തേയ്ക്ക് കെ.എസ്.ആർ. ഭാഗം-1, അനുബന്ധം 12 സി പ്രകാരം ശൂന്യവേതനാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു. എന്നാൽ ടി ശൂന്യവേതനാവധിയുടെ കാലാവധി അവസാനിച്ചിട്ടും ഉടൻ സേവനത്തിൽ തിരികെ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടരുന്നത് ശ്രീ. ബിജു കെ.ജി. എന്നവരുടെ ഭാഗത്തുനിന്നുള്ള അതീവ ഗുരുതരമായ വീഴ്ചയാണ്.
2. സർക്കാരിന്റെ 05/11/2020 തീയതിയിലെ സ.ഉ.(അ)നം.152/2020/ ധന. ഉത്തരവിലെ ഖണ്ഡിക 2 പ്രകാരം ശൂന്യവേതനാവധി 5 വർഷമായി ചുരുക്കിയിട്ടുണ്ട്. ശ്രീ. ബിജു കെ.ജി. കാലാവധി കഴിഞ്ഞും സേവനത്തിൽ തിരികെ പ്രവേശിക്കാത്തത് പ്രസ്തുത സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.
3. മുൻകൂർ അവധി അനുവദിച്ച് ഉത്തരവാകാതെ ഓഫീസിൽ ഹാജരാകാതിരിക്കുന്നത് കെ.എസ്.ആർ. അനുബന്ധം 12-A(9) ന്റെയും കെ.എസ്.ആർ. റൂൾ 65 ന്റെയും ലംഘനമാണ്.

ശ്രീ. ബിജു കെ.ജി. യുടെ എതിർവാദപത്രികയും, കുറ്റാരോപണ മെമ്മോ കൈപ്പറ്റിയ പകർപ്പും ഇ-മെയിൽ വഴി ലഭിച്ചിട്ടുണ്ടെന്നും, പ്രസ്തുത കുറ്റാരോപണ മെമ്മോ രജിസ്ട്രേഡ് തപാൽ ആയി ടിയാന് അയച്ച് നൽകിയിട്ടുള്ളത് സ്ഥലത്തില്ല എന്ന് കാണിച്ച് തിരികെ ലഭിച്ചിട്ടുണ്ടെന്നും മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

ശ്രീ. ബിജു കെ.ജി. സമർപ്പിച്ചിട്ടുള്ള എതിർവാദപത്രികയിൽ ശൂന്യവേതന അവധി 05/05/2021 ന് അവസാനിച്ചിട്ടുണ്ടെന്നും, ഇപ്പോൾ അയർലണ്ടിലാണെന്നും കോവിഡ് കാലമായതിനാൽ സഞ്ചാരസ്വാതന്ത്ര്യം അനുവദനീയമല്ലയെന്നും പ്രസ്തുത സ്ഥലത്ത് ആരോഗ്യവകുപ്പിൽ സേവനമനുഷ്ഠിക്കുന്ന ഭാര്യ വളരെ തിരക്കുള്ള അവസ്ഥയിൽ ജോലി

ചെയ്യുന്നുവെന്നും ടി രാജ്യത്തിന്റെ നിയമപ്രകാരം കുട്ടികളെ തനിയെ വീട്ടിൽ നിർത്താൻ പാടുള്ളതല്ലായെന്നും, നിസ്സഹായവസ്ഥ പരിഗണിച്ച് സേവനത്തിൽ പുനപ്രവേശിക്കുന്നതിന് 01/01/222 വരെ അനുവദിക്കണമെന്നും, കർശന നടപടികൾ എടുക്കാതെ മാപ്പാക്കണമെന്നും അപേക്ഷിച്ചിരുന്നു.

മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (4) പ്രകാരം അഭിപ്രായ റിപ്പോർട്ട് സമർപ്പിച്ചതിൽ ശ്രീ. ബിജു കെ.ജി. 06/05/2006 മുതൽ 5 വർഷത്തേക്ക് സർക്കാർ ഉത്തരവിന് വിധേയമായി ശൂന്യവേതനവധിയിൽ പ്രവേശിക്കുകയും, തുടർന്ന് 06/05/2011 മുതൽ വീണ്ടും 5 വർഷത്തേക്കും, അതിനുശേഷം 06/05/2016 മുതൽ 5 വർഷത്തേക്കും ശൂന്യവേതനവധി ദീർഘിപ്പിച്ചു നൽകുകയും ആയത് സേവന പുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടിയാന്റെ അവധി 05/05/2021 ന് അവസാനിച്ചിട്ടുണ്ടെന്നും 17/05/2021 ന് ലീവ് ദീർഘിപ്പിക്കുന്നതിന് വീണ്ടും അപേക്ഷിച്ചിരുന്നുവെന്നും സർക്കാർ ഉദ്യോഗസ്ഥർക്ക് വിദേശത്തോ, സ്വദേശത്തോ മെച്ചപ്പെട്ട മറ്റു ജോലികളിൽ ഏർപ്പെടുന്നതിന് കെ.എസ്.ആർ. ഭാഗം-1, അനുബന്ധം XII A പ്രകാരവും, വിദേശത്തോ, സ്വദേശത്തോ പങ്കാളിയോടൊപ്പം താമസിക്കുന്നതിന് കെ.എസ്.ആർ. ഭാഗം 1 അനുബന്ധം 12 C പ്രകാരവും ഒരു ഘട്ടത്തിൽ 5 വർഷം എന്ന തരത്തിൽ പരമവധി 20 വർഷം വരെ അനുവദിച്ചു വരുന്ന ശൂന്യവേതനാവധി നിലവിൽ 05/11/2020 ലെ 152/2020/ധന നമ്പർ ഉത്തരവ് പ്രകാരം സർവ്വീസ് കാലയളവിൽ പരമാവധി 5 വർഷമായി നിജപ്പെടുത്തുകയുണ്ടായി. 30/12/2020 ലെ നം. 83/2020/ധന സർക്കുലർ പ്രകാരം 5 വർഷത്തിധികം കാലയളവിലേക്ക് അവധി ദീർഘിപ്പിക്കുന്നതിനായി 05/11/2020 ന് ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കേണ്ടതും ഇതിനകം അനുവദിച്ച അവധി കാലയളവ് അവസാനിക്കുന്ന മുറക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കേണ്ടതാണെന്ന് അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

മേൽ ഉത്തരവുകൾ പ്രകാരം അവധി ദീർഘിപ്പിച്ചു നൽകാൻ സാധിക്കുകയില്ല എന്നതിനാലും ശ്രീ. ബിജു കെ.ജി. അവധി കഴിഞ്ഞ് ഇന്നേവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതിനാലും ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടരുന്നതിനാലും ടിയാന്റെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടെന്ന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

ശ്രീ. ബിജു കെ.ജി. ക്കെതിരായ അച്ചടക്കനടപടിയിൽ പരാമർശം (5) പ്രകാരം മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ഔപചാരിക അന്വേഷണം നടത്തുന്നതിന് ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (6) പ്രകാരം ഔപചാരിക അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. ഔപചാരിക അന്വേഷണത്തിൽ ശ്രീ. ബിജു കെ.ജി. യെ നേരിൽ കേൾക്കുന്നതിന് രജിസ്ട്രേഡ് തപാലായി വീട്ടുവിലാസത്തിൽ ഹിയറിംഗ് നോട്ടീസ് അയച്ചെങ്കിലും ആയത് 'Left Place' എന്ന് രേഖപ്പെടുത്തി തിരികെ ലഭിച്ചിട്ടുണ്ടെന്നും ആയതിനാൽ ടിയാനെ നേരിൽ കേൾക്കാൻ സാധിച്ചിട്ടില്ലായെന്നും ബോധിപ്പിച്ചിരുന്നു. സർക്കാർ ഉദ്യോഗസ്ഥർക്ക് വിദേശത്തോ, സ്വദേശത്തോ മെച്ചപ്പെട്ട മറ്റു ജോലികളിൽ ഏർപ്പെടുന്നതിന് കെ.എസ്.ആർ. ഭാഗം 1 അനുബന്ധം 12 A പ്രകാരവും, വിദേശത്തോ, സ്വദേശത്തോ പങ്കാളിയോടൊപ്പം താമസിക്കുന്നതിന് കെ.എസ്.ആർ. ഭാഗം 1 അനുബന്ധം 12 സി പ്രകാരവും ഒരു ഘട്ടത്തിൽ 5 വർഷം എന്ന തരത്തിൽ പരമാവധി 20 വർഷം വരെ

അനുവദിച്ചു വന്നിരുന്ന ശൂന്യവേതനാവധി നിലവിൽ 05/11/2020 ലെ 152/2020/ധന നമ്പർ ഉത്തരവ് പ്രകാരം സർവ്വീസ് കാലയളവിൽ പരമാവധി 5 വർഷമായി നിജപ്പെടുത്തുകയുണ്ടായി. 30/12/2020 ലെ 83/2020/ധന നമ്പർ സർക്കുലർ പ്രകാരം 5 വർഷത്തിലധികം കാലയളവിലേക്ക് അവധി ദീർഘിപ്പിക്കുന്നതിനായി 05/11/2020 ന് ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കേണ്ടതും ഇതിനകം അനുവദിച്ച അവധി കാലയളവ് അവസാനിക്കുന്ന മുറക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കേണ്ടതാണെന്ന് അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. മേൽ ഉത്തരവുകൾ പ്രകാരം അവധി ദിർഘിപ്പിച്ചു നൽകാൻ സാധിക്കുകയില്ല എന്നതിനാലും ടിയാന് അവധി കഴിഞ്ഞ് ഇന്നേവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതിനാലും ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടരുന്നതിനാലും ടിയാന്റെ ഭാഗത്തു നിന്ന് ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചതായി വിലയിരുത്തിയിരുന്നു.

ശ്രീ. ബിജു കെ.ജി. ക്കെതിരായ അച്ചടക്കനടപടിയിൽ ശിക്ഷ നിശ്ചയിക്കുന്നതിന് മുമ്പായി 03/11/2022 ന് ഓൺലൈനായി നേരിൽ കേൾക്കുന്നതിന് തീരുമാനിച്ച് പരാമർശം (7) പ്രകാരമുള്ള ഹിയറിംഗ് നോട്ടീസ് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന അയച്ച് നൽകിയിരുന്നു. ആയത് ടിയാന് ഇ-മെയിലായും, രജിസ്ട്രേഡ് തപാൽ മുഖേനയും നൽകിയിട്ടുണ്ടെന്നും പരാമർശം (8) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഔപചാരിക അന്വേഷണ റിപ്പോർട്ട് ശ്രീ. ബിജു കെ.ജി. യുടെ വീട്ടുവിലാസത്തിൽ അയച്ച് നൽകിയത് 'Left India' എന്ന് രേഖപ്പെടുത്തി കവർ സഹിതം തിരികെ ലഭിച്ചിട്ടുണ്ടെന്നും പരാമർശം (9) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. 03/11/2022 തീയതിയിലെ ഹിയറിംഗിന് ശ്രീ. ബിജു കെ.ജി. പങ്കെടുക്കുകയോ, ഹിയറിംഗ് നോട്ടീസിന് മറുപടി സമർപ്പിക്കുകയോ ചെയ്തിരുന്നില്ല. മേൽ വസ്തുതകളിൽ നിന്നും ശ്രീ. ബിജു കെ.ജി. ക്ക് ഈ ജോലി ആവശ്യമില്ലായെന്നും, ഓഫീസിൽ ജീവനക്കാരുടെ കുറവുള്ള സാഹചര്യത്തിലും ടിയാന്റെ പ്രതികരണത്തിനായി കാത്തിരിക്കുന്നതിൽ യാതൊരു ന്യായവുമില്ലായെന്നും ബോധ്യപ്പെടുന്നു.

മേൽ സാഹചര്യത്തിൽ വസ്തുതകളും, മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടുകളും, ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ അഭിപ്രായവും, ശ്രീ. ബിജു കെ.ജി. യുടെ എതിർവാദപത്രികയും പരിശോധിച്ചതിൽ 06/05/2021 തീയതി മുതൽ സേവനത്തിൽ ഹാജരാകാതെ അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതിലൂടെ ടിയാൻ ഗുരുതരമായ അച്ചടക്കലംഘനത്തിനും, കൃത്യവിലോപത്തിനും, സർവ്വീസ് ചട്ടങ്ങളോടുള്ള അനാദരവിനും ഉത്തരവാദിയാണെന്ന് ബോധ്യപ്പെട്ടതിനാൽ കേരള സർവ്വീസ് ചട്ടം ഭാഗം 1 അനുബന്ധം XII A ഖണ്ഡിക 9 പ്രകാരവും, 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരവും, മാന്വൽ ഓഫ് ഡിസിപ്ലിനറി പ്രൊസീഡിംഗ്സ് ഖണ്ഡിക 53 പ്രകാരം അവധി അനുവദിക്കാതെ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന ശ്രീ. ബിജു കെ.ജി. യെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം (10) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (10) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് ശ്രീ. ബിജു കെ.ജി. ക്ക്

നൽകുന്നതിന് കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ചുനൽകിയതായും എന്നാൽ ശ്രീ. ബിജു കെ.ജി. എന്നയാൾ ഇന്ത്യ വിട്ടുപോയി എന്ന് രേഖപ്പെടുത്തി കാരണം കാണിക്കൽ നോട്ടീസ് അടങ്ങിയ രജിസ്ട്രേഡ് തപാൽ തിരികെ ലഭിച്ചതായി കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതായി പരാമർശം (11) പ്രകാരം മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

പരാമർശം (10) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് ശ്രീ. ബിജു കെ.ജി. കൈപ്പറ്റാതെ തിരികെ ലഭ്യമായിട്ടുള്ള സാഹര്യത്തിൽ ടിയാനെതിരെയുള്ള അച്ചടക്കനടപടിയിൽ തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി മാന്വൽ ഓഫ് ഡിസിപ്ലിനറി പ്രൊസീഡിംഗ്സ് ഖണ്ഡിക 53 (4) പ്രകാരം ടിയാനെ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളതിന് ആവശ്യപ്പെട്ടിട്ടുള്ള വിശദീകരണം 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് അറിയിച്ചുകൊണ്ടുള്ള Appendix H5 21/05/23 തീയതിയിലെ മാതൃഭൂമി, മെട്രോ വാർത്ത എന്നീ ദിനപത്രങ്ങളിൽ പരസ്യം ചെയ്തിരുന്നു. എന്നാൽ ആയതിലും നിശ്ചിതസമയപരിധിക്കകം ടിയാന്റെ യാതൊരുവിധ വിശദീകരണവും ഈ കാര്യാലയത്തിൽ ലഭ്യമായിട്ടില്ലാത്തതാണ്.

മേൽ സാഹചര്യത്തിൽ ശ്രീ. ബിജു കെ.ജി. യുടെ എതിർവാദപത്രികയും, മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടുകളും, ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ അഭിപ്രായവും പരിശോധിച്ചതിൽ 06/05/2021 തീയതി മുതൽ സേവനത്തിൽ ഹാജരാകാതെ അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതിലൂടെ ടിയാൻ ഗുരുതരമായ അച്ചടക്കലംഘനത്തിനും, കൃത്യവിലോപത്തിനും, സർവ്വീസ് ചട്ടങ്ങളോടുള്ള അനാദരവിനും ഉത്തരവാദിയാണെന്ന് കാണുന്നു. ആയതിനാൽ കേരള സർവ്വീസ് ചട്ടം ഭാഗം 1 അനുബന്ധം XII A ഖണ്ഡിക 9 പ്രകാരവും, 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരവും, മാന്വൽ ഓഫ് ഡിസിപ്ലിനറി പ്രൊസീഡിംഗ്സ് ഖണ്ഡിക 53 പ്രകാരം അവധി അനുവദിക്കാതെ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിന്ന കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്കായിരുന്ന ശ്രീ. ബിജു കെ.ജി. യെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള പരാമർശം (10) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസിലെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

PRINCIPAL DIRECTORATE * LOCAL SELF GOVT DEPARTMENT * THIRUVANANTHAPURAM

Seeram Sambasiva Rao IAS

PRINCIPAL DIRECTOR

SEERAM SAMBASIVA RAO IAS
PEN : 721045
Principal Director
Local Self Government Department
Swaraj Bhavan, Nanthencode
Kowdiar PO, Tvpm - 695003

**ശ്രീ. ബിജു കെ.ജി.,**

**മുൻ സീനിയർ ക്ലർക്ക്, കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത്**

**(ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, മലപ്പുറം മുഖാന്തിരം)**

പകർപ്പ്: 1. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, മലപ്പുറം. (ഉത്തരവ്

ടിയാന് നൽകി, കൈപ്പറ്റ് പകർപ്പ് ലഭ്യമാക്കുന്നതിനും, ഉത്തരവ് നടപ്പിൽ വരുത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും)

2. സെക്രട്ടറി, കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത്, മലപ്പുറം. (അറിവിലേക്കായി)
3. സൂപ്രണ്ട്, DEC സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്.
4. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.